**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 264** | **11.06.2012-ൽ മറുപടിക്ക്.**

## തീരദേശ പോലീസ് സ്റ്റേഷനുകൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | : (എ) സംസ്ഥാനത്ത് തീരദേശ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 8 തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു എ.ഐ.ജി. (കോസ്റ്റൽ സെക്യൂരിറ്റി), ഐ.ജി. (കോസ്റ്റൽ സെക്യൂരിറ്റി) എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തീരദേശ സുരക്ഷ കാര്യക്ഷമമാക്കുന്നതിനും മത്സ്യതൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി ഇന്ത്യൻ നേവി, തീരദേശ സംരക്ഷണ സേന, പോലീസ്, ഷിപ്പിംഗ് ഡയറക്ടർ, ഫിഷറീസ് വകുപ്പ് തുടങ്ങി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗത്തൽ തീരദേശ സുരക്ഷ കാര്യക്ഷമമാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ തീരദേശ സുരക്ഷ കാര്യക്ഷമമാക്കുന്നതിനും മത്സ്യതൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച 8 തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് സുരക്ഷാ ബോട്ടുകൾ നൽകുന്നതിനും അതിന് ആവശ്യമായ ജീവനക്കാരെയും താൽക്കാലികമായി നിയമിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. |

(മറുപുറം)

| | |
|---|---|
| (ബി) ആലപ്പുഴ ജില്ലയിൽ നിലവിൽ എത്ര തീരദേശ പോലീസ് സ്റ്റേഷനുകൾ ഉണ്ട് ; പുതിയവ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ എത്രയെണ്ണം ആരംഭിക്കും; | : (ബി) ഒന്നാം ഘട്ടത്തിൽ ആലപ്പുഴ ജില്ലയിൽ ഒരു തീരദേശ പോലീസ് സ്റ്റേഷൻ തോട്ടപ്പള്ളിയിൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ അനുവദിച്ച ഒരു തീരദേശ പോലീസ് സ്റ്റേഷൻ അർത്തുങ്കലിൽ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമെടുപ്പും മറ്റ് നടപടിക്രമങ്ങളും നടന്നു വരുന്നു. മൂന്നാം ഘട്ടത്തിൽ തൃക്കുന്നപ്പുഴ, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു. |
| (സി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശം നൽകാമോ? | : (സി) കേന്ദ്രതീരദേശ സുരക്ഷാപദ്ധതിയുടെ ഭാഗമായി മൂന്നു ഘട്ടങ്ങളിലായി സംസ്ഥാനത്ത് 24 തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് കേന്ദ്ര തലത്തിൽ തീരുമാനമായിട്ടുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ 8 തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ അനുവദിച്ച 10 തീരദേശ പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം തീരപ്രദേശത്ത് ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>രണ്ടാംഘട്ടത്തിൽ 10 തീരദേശ പോലീസ് സ്റ്റേഷനുകളുടെയും 4 ബോട്ടുജെട്ടികളുടെയും നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായത്തിനു പുറമേ അടിസ്ഥാന വാഹന സൗകര്യങ്ങൾ ഒരുക്കുന്നതിനും വാഹനങ്ങൾ, ബോട്ടുകൾ എന്നിവ വാങ്ങുന്നതിനും കേന്ദ്രധനസഹായം ലഭിക്കും; ഇതിൽ ജീപ്പ്, ബൈക്ക് തുടങ്ങിയ വാഹനങ്ങൾ വാങ്ങുന്നതിനും സ്റ്റേഷൻ, ബോട്ടുജെട്ടി തുടങ്ങിയവയുടെ നിർമ്മാണത്തിനു- മാവശ്യമായ പണം പോലീസ് വകുപ്പിന് കേന്ദ്രസർക്കാർ നേരിട്ട് നൽകാനാണ് വ്യവസ്ഥ. എന്നാൽ ബോട്ടുകൾ, ആയുധങ്ങൾ, ട്രെയിനിംഗ് തുടങ്ങിയവയ്ക്കുള്ള സാമ്പത്തിക സഹായം അതാത് ഏജൻസികൾക്ക്/ കമ്പനികൾക്ക് കേന്ദ്ര സർക്കാർ നേരിട്ട് നൽകുന്നു. ഇതിന് പുറമെ പദ്ധതി നടത്തിപ്പ് സമയത്ത് (ആദ്യ അഞ്ചുവർഷം) ഇന്ധനചെലവും ബോട്ടുകൾ വാടകയ്ക്കെടുക്കുന്നതിനും കേന്ദ്ര സഹായം ലഭിക്കും. |

സെക്ഷൻ ഓഫീസർ